# ഒമ്പതാംമണി

## കൌമ

സ്കീപ്പാ-യാൽ ക്രൂശകിയേമാ-യിച്ചോനേ മ്ശിഹാ
കോട്ടയുമഭയവുമാം, നിൻ സ്ലീബാ
സ്കീപ്പാ-യാൽ ക്രൂശകിയേമാ-യിച്ചോനേ മ്ശിഹാ
കോട്ടയുമഭയവുമാം, നിൻ സ്ലീബാ
സ്കീപ്പാ-യാൽ ക്രൂശകിയേമാ-യിച്ചോനേ മ്ശിഹാ
കോട്ടയുമഭയവുമാം, നിൻ സ്ലീബാ

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!
സ്തോത്രം കത്താവേ! സ്തോത്രം കത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

സ്വര്ഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വര്ഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശി

പ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

### (51-ാം മസുമൂർ)

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരു വചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയും തിരു ന്യായവിധികളിൽ കർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽഅന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ

മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ളആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

ശുബഹോ......... മെനഓലം.......... കുറിയേലായിസ്സോൻ.

## എനിയോനാ

(-ബസ്കീഫോ അം ആവോലെ-)

1. സന്ദർശിപ്പാനാഗതനാം-സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണീ സ്കീ-പ്പാ-മേൽ.

2. ദേവേശനു ദാഹിച്ചപ്പോൾ-പുളിവീഞ്ഞും കയ്പും നൽകി
നിറവേറീ നിബിതൻ-വാ-ക്യം.

3. മന്നൻ ദാവീദോതിയപോൽ-തൻവസ്ത്രത്തെ പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കി-ക്കായ്-

4. വിശ്വസ്ത സഭാമക്കൾക്കായ്-സ്ലീബാ കെല്പിയലും വലുതാം
ആയുധമായ് തീർന്നോൻ-ധ-ന്യൻ.

5. ദുഷ്ടൻ തൻ സേനകളിവയിൽ-വിശ്വാസിനിയാം വിമലസഭ
യ്ക്കാകട്ടെ സ്ലീബാ-കോ-ട്ട

ബാറെക്മോർ - ശുബഹോ - മെനഓലം

6. സ്ലീബായാൽസഭരക്ഷിതയായ്-
സ്ലീബായേ വെടിയാത്തതിനാൽ!
സ്ലീബായതിനെകാ-ക്കു-ന്നു.
സ്തൗമെൻ കാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പുരോഹിതൻ: നാം എല്ലാവരും ........
പ്രതിവാക്യം: കാരുണ്യവാനായ.......
പുരോഹിതൻ: സ്തുതിയും സ്തോത്രവും........

തന്റെ ദൈവീകസ്വഭാവത്തിൽ സർവ്വോന്നതനും അദൃശനും ഞങ്ങൾക്കുവേണ്ടി സ്വമനസ്സാ പീഡ ഏല്പാൻ ഞങ്ങളുടെ അടുക്കലേക്കു വന്നവനായി പീഡകളിൽ നിന്ന് അകന്നിരിക്കുന്നവനും, ഞങ്ങളെ രക്ഷിപ്പാൻ സദയം ജഡത്തിൽ മരണം ആസ്വദിച്ച അമരണനും, പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്ന് കരുണയോടെ ഞങ്ങളെ വേർപെടുത്തുവാനായിട്ട് ന്യായസ്ഥലത്തു പീലാത്തോസിന്റെ മുമ്പാകെ നിന്ന ന്യായാധിപതിമാരുടെ ന്യായാധിപതിയും ഞങ്ങൾക്കുവേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിച്ചവനായി പ്രാർത്ഥനകളെ കൈക്കൊള്ളുന്നവനും ആയ തനിക്കു.........

## സെദറാ

തന്റെ സ്വരൂപത്തിലും സാദൃശത്തിലും ഞങ്ങളെ സൃഷ്ടിച്ച ഉന്നതനും അത്യുൽകൃഷ്ടനും ആയ ദൈവമേ! തന്റെ ശ്രേഷ്ഠമായ ഉണ്മയെ ഞങ്ങൾ സ്തുതിച്ച് ഏറ്റു പറയുന്നു. സ്വർഗ്ഗീയപിതാവിന്റെ വചനമായ ഏകപുത്രാ! തിരു രക്ഷയെ ഞങ്ങൾ പുകഴ്ത്തുന്നു. നിന്ദ്യമായ മണ്ണിൽ നിന്നു തിരുമുമ്പാകെ സ്തുതിപാഠകന്മാരായി ഞങ്ങളെ നിർത്തിയ തന്റെ പരിശുദ്ധ റൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു. ഭൂമിയിലെ രാജാവായി ആദ്യമനുഷ്യനായ ആദാമ്മിനെ മേടമാസം ആറാം തീയതി വെള്ളിയാഴ്ച സൃഷ്ടിച്ച് അവൻ മഹിമയോടെ ഉല്ലസിപ്പാനും മാലാഖമാർക്ക് ചാർച്ചക്കാരനാകുവാനും അവനെ പറുദീസായിൽ വാഴിച്ചു. വെള്ളിയാഴ്ച പ്രഭാതത്തിൽ അവനെ ഏദനിൽ അവകാശിയാക്കി ഭൂമിയിലുള്ള സകലത്തിന്റെ

യും ആധിപത്യം അവനു നൽകി. എന്നാൽ മൂന്നു മണിക്ക് മോഹനീയമായ പഴത്തിന്റെ അടുക്കലേക്ക് മൂഢതയാൽ അവൻ അടുത്തുചെന്ന് വെമ്പലോടെ ഭക്ഷിച്ച് നഗ്നനായിത്തീർന്നു. ആദമെ! ആദമെ! ആദമെ! നീ എവിടെയാകുന്നു എന്ന് ഒരു ഗംഭീര ശബ്ദം കേട്ട്, എന്റെനാഥാ! തിരു ശബ്ദം കേട്ടിട്ട് ഒളിച്ചിരിക്കയാണ് ഞാൻ എന്ന് അവൻ മുഖലജ്ജയോടെ ഉത്തരം പറഞ്ഞു. നീ ക്രോധവും കോപവും പൂണ്ടു്, അനുസരണയില്ലാത്താ ദാസാ! നീ നിന്റെ അവകാശം വിട്ട് മുള്ളു നിറഞ്ഞ ശപിക്കപ്പെട്ട ഭൂമിയിലേയ്ക്കു പോക എന്ന് അവനോടു കല്പിച്ചു. ഈ വെള്ളിയാഴ്ച അവൻ കർതൃകല്പനയാൽ പറുദീസായിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടു, അവന്റെ സഹായത്തിനായി സൃഷ്ടിക്കപ്പെട്ട ഹവ്വായോടുകൂടി ഈദുഃഖകരമായ ജീവിതത്തിലേക്ക് അവൻ തള്ളപ്പെട്ടവനായിത്തീർന്നു. തന്റെ രാജകീയസ്വരൂപം നശിച്ചുപോകുന്നത് തിരു കൃപയ്ക്ക് സമ്മതമാകായ്കയാൽ സ്വരൂപരക്ഷയ്ക്കായി തന്റെ വചനമായ അനാദ്യന്തനെ നിയോഗിച്ചയച്ചു. താൻ പാപവികാരമെന്യേ ഭരണംനടത്തി. ആദാമ്മിനെ രക്ഷിപ്പാനായിട്ടു വെള്ളിയാഴ്ച തന്നെ കുരിശാരോഹണത്തിന് ഒരുങ്ങിച്ചെന്നു. ഒരു ദുഷ്ടനെ എന്നപോലെ ഹന്നായുടെ ഭവനത്തിൽ തന്നെ അവർ ബന്ധനത്തിലാക്കി. കയ്യാപ്പായുടെ ഗൃഹത്തിൽ വെച്ച് ഒരു കുറ്റക്കാരനെപ്പോലെ തന്നെ വടികൊണ്ടടിച്ചു. ബലഹീനനെപ്പോലെ താൻ തൂണിനെ കെട്ടിപ്പിടിച്ചു പീലാത്തോസിന്റെ കൊട്ടാരത്തിൽ വെച്ച് കുറ്റക്കാരനെപ്പോലെ തന്നെ കൊലപ്പെടുത്താൻ ഏല്പിച്ചു. വെള്ളിയാഴ്ച ആദാം സൃഷ്ടിക്കപ്പെട്ടു. മേടമാസം പതിന്നാലാംതീയതി വെള്ളിയാഴ്ച നമ്മുടെ നാഥനായ മ്ശിഹാ തമ്പുരാൻ നമ്മുക്കുവേണ്ടി ജഡത്തിൽ കഷ്ടമനുവിച്ച് നമ്മെ രക്ഷിച്ചു.വെള്ളിയാഴ്ച ദൈവം ആദാമ്മിനെ സൃഷ്ടിച്ചു വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ ആദാമ്മിന്റെ മക്കളായ അശുദ്ധരിൽനിന്ന് തുപ്പലേറ്റു. വെള്ളിയാഴ്ച മൃഗങ്ങളും ജന്തുക്കളും അവയ്ക്കുനാമംകിട്ടുന്നതിന്തലകുനിച്ചുവന്ദിച്ചുകൊണ്ടു്ആദാമ്മിന്റെമുമ്പൽ ഒരുമിച്ചുകൂടി. വെള്ളിയാഴ്ച യൂദന്മാർ, യൂദന്മാരുടെ രാജാവെ സമാധാനം എന്ന് അപഹസിച്ചു പറഞ്ഞുകൊണ്ടു് മ്ശിഹായ്ക്കെതിരായി സഭ കൂടി; ബാശാനിലെ അനേകം കാളകളും കാളക്കുട്ടികളും എന്നെ ചുറ്റിവളഞ്ഞു എന്നു ദാവീദു പറഞ്ഞത് നിറവേറി. വെള്ളിയാഴ്ച ആദാമ്മിന്റെ തലയിൽ രാജകീയ കിരീടം വെയ്ക്കപ്പെട്ടു.

വെള്ളിയാഴ്ച നമ്മുടെ കർത്താവിന്റെ തലയിൽ മുൾക്കിരീടം വെയ്ക്കപ്പെട്ടു. ആദാം മഹിമയോടെ പ്രശോഭിച്ചുകൊണ്ടു് പറുദീസായിൽ മൂന്നു മണിക്കൂർ നേരം ഇരുന്നു. നമ്മുടെ കർത്താവ് ആദാമ്മിന്റെ മക്കളായ മണ്ണയന്മാരുടെ അടിയേറ്റുകൊണ്ടു്, മൂന്നു മണിക്കൂർ നേരം ന്യായസ്ഥലത്തു നിന്നു. വെള്ളിയാഴ്ച ഹൗവ്വാ നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ അടുക്കലേക്കു ചെന്നു. വെള്ളിയാഴ്ച ആറുമണിക്ക് ജീവവൃക്ഷമാകുന്ന മ്ശിഹാതമ്പുരാൻ കുരിശിന്മേൽ കയറി. വെള്ളിയാഴ്ച ഹൗവ്വാ ആദാമ്മിനു മരണകരമായ പഴം കൊടുക്കുകയും അവൻ തിന്നു മരിക്കയുംചെയ്തു. വെള്ളിയാഴ്ച ജനങ്ങൾ നമ്മുടെ കർത്താവിന് കാടിയും കൈപ്പുനീരും നീട്ടികൊക്കുകയും താൻ അത് കുടിക്കുകയും ചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നനായി മൂന്നുമണിക്കൂർ നേരം പറുദീസായിൽ ഇരുന്നു. വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ മൂന്നുമണിക്കൂർ നേരം കുരിശിന്മേൽ നഗ്നനായി കിടന്നു. വെള്ളിയാഴ്ച മരണമുള്ളവരായ മണ്ണയന്മാരുടെ മാതാവായ ഹൗവ്വാ ആദാമ്മിന്റെ ഇടത്തു ഭാഗത്തു നിന്നു പുറപ്പെട്ടു. ജീവന്റെ കാസായും ആത്മീയപാനീയവും മ്ശിഹാതമ്പുരാന്റെ വിലാവിൽ നിന്നു പുറപ്പെട്ടു. വെള്ളിയാഴ്ച ആദാമ്മും ഹൗവ്വായും പാപം ചെയ്തു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു. വെള്ളിയാഴ്ച അവരിരുവരുടേയും കണ്ണുകൾ തുറക്കപ്പെട്ടു. തങ്ങൾ നഗ്നരാണെന്ന് അറിഞ്ഞു. വെള്ളിയാഴ്ച സത്യപ്രകാശം അവക്ക് ഉദിക്കുകയും അവർ പുതിയ ജീവനെ നേടുകയും ചെയ്തു. വെള്ളിയാഴ്ച ദുരാഗ്രഹിയായ മരണം അവരുടെമേൽ വാണു. വെള്ളിയാഴ്ച മരണത്തിന്റെ അധികാരം പൊയ്പ്പോയ്.വെള്ളിയാഴ്ച ആദാമ്മും ഹൗവ്വായും ദുഃഖത്താൽ തല താഴ്ത്തിക്കൊണ്ടു് പറുദീസയിൽ നിന്നു പുറപ്പെട്ടുപോയി. വെള്ളിയാഴ്ച കുരിശടയാളം അവരെ സന്തോഷത്തോടെ പറുദീസയിലേക്കു തിരികെ കൊണ്ടുപോന്നു. വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ മഹത്വത്തിന്റെ വസ്ത്രം അഴിച്ചുകളഞ്ഞു. ആദാമും ഹൗവ്വായും വൃക്ഷങ്ങളുടെ ഇടയിൽ വച്ചു അഴിച്ചുകളഞ്ഞ മഹത്വമുള്ള അങ്കിക്കു പകരം അവരെ അതു വീണ്ടും ധരിപ്പിച്ചു. വെള്ളിയാഴ്ച സാത്താൻ തന്റെ വഞ്ചനയാൽ അവരെ നാണിപ്പിച്ചു. വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ സാത്താനെ നാണിപ്പിച്ച്ു അവന്റെ സൈന്യങ്ങളെ ലജ്ജിപ്പിച്ചു. വെള്ളിയാഴ്ച പറുദീസയുടെ വാതിൽ അടയ്ക്കപ്പെടുകയും തങ്ങൾ അധപ്പതി

ച്ചു നിന്ദ്യമായിത്തീർന്നതിനാൽ സൗഭാഗ്യവാസികളായിരുന്ന ആദാമും ഹവ്വായും അവിടെ നിന്നു പുറപ്പെട്ടുപോകുകയും ചെയ്തു. വെള്ളിയാഴ്ച പറുദീസയുടെ വാതിൽ തുറക്കപ്പെടുകയും വലത്തു ഭാഗത്തെ കള്ളൻ അങ്ങോട്ടു കടക്കുകയും ചെയ്തു. വെള്ളിയാഴ്ച പറുദീസയെ സൂക്ഷിപ്പാൻ ക്രോബെയ്ക്കു മൂർച്ചയുള്ളവാൾ കൊടുക്കപ്പെട്ടു. വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ കുന്തം കൊണ്ട് കുത്തേറ്റ് മൂർച്ചയുള്ള വാൾ മുറിച്ചു ശത്രുതയാകുന്ന വേലി പൊളിച്ചു. വെള്ളിയാഴ്ച ആദാം രാജാവും പുരോഹിതനും ദീർഘദശിയുമായ്ത്തീർന്നു. വെള്ളിയാഴ്ച യൂദരിൽ നിന്നു രാജത്വവും പൗരോഹിത്യവും ദീർഘദർശനവും എടുത്തുകളഞ്ഞു. വെള്ളിയാഴ്ച ആനന്ദമയമായ പറുദീസയിൽ നിന്നു ആദാം ശാപഭൂമിയിലേക്കു ഇറങ്ങിപ്പോയി. വെള്ളിയാഴ്ച മ്ശിഹാതമ്പുരാൻ കുരിശിന്മേൽ നിന്നു മണ്ണിൽ ഉറങ്ങിക്കിടക്കുന്നവരുടെ അടുക്കലേക്കു ഇറങ്ങി. ആദാം ബുദ്ധിഹീനതയാൽ ചെയ്തുപോയ സകലത്തേയും പാപം ഒന്നൊഴികെ മ്ശിഹാതമ്പുരാൻ തന്റെ വ്യാപാരത്താൽ നിറവേറ്റി. മരണത്തെ താൻ ബലാൽ ജയിച്ചു പാപത്തെ ശിക്ഷയ്ക്കു വിധിച്ചു. ആദാമ്മിനെ സംസ്ക്കരിക്കയും മൽക്കീസദേക്കു പൗരോഹിത്യം നടത്തുകയും അബ്രഹാം തന്റെ പുത്രനെ ബലികഴിക്കുകയും ചെയ്ത സ്ഥലത്തു തന്നെ നമ്മുടെ രക്ഷിതാവായ യേശുതമ്പുരാന്റെ കുരിശുമരം നാട്ടി. രഹസ്യപൂർണ്ണമായ ചോരയും വെള്ളവും ആദാമിന്റെ വായിലേക്ക് ഇറ്റിറ്റു വീണു. നമ്മുടെ അടുക്കൽ നമുക്കുവേണ്ടി താൻ ചെയ്ത വ്യാപാരത്തിനുവേണ്ടി നാം തനിക്കും തന്റെ പിതാവിനും തന്റെ പരിശുദ്ധറൂഹായ്ക്കും വന്ദനവ് കരേറ്റണം. ഹോശോ......

Praise......to the one who is invisible in his divine nature, glory to the mighty Lord who as a man suffered; praise to the immortal Lord who died as a man for our salvation; praise to the Judge of judges who stood before Pilate's tribunal to free us in his love from afflication of sin;
praise to the one who hers our prayers and who prayed and begged his Father for us, to him be glory and honor.

We praise and thank you sublime majesty, O adorable God, because you created us in your image and likeness. We glorify the providence that you displayed to save us, O only Son and word of the heavenly Father. We magnify you and your Holy Spirit, who from the barren soil brought forth worshippers. Friday you created Adam and placed him in paradise, making him equal to the angels and committing to him dominion over the earth. But he approached the forbidden fruit, led by selfish desires and ambitions, he lost his original holiness and heard a mighty voice say, "Adam, Adam, where are you? He answered trembling, "Lord, I heard your voice and I hid." Then the Lord told him, "Leave your heritage, disobedient subject, and go forth to suffer and toil." And accordingly, Lord, he was exiled in a place called valley of Tears. But you decided not to let your image perish and thus sent the Eternal Word for our salvation and he became man like us. He freed us by his redeeming suffering and on this same Friday offered himself on the cross to save the guilty Adam. He was imprisoned and like a thief was struck by whips; at the home of Caiphus he was tied like a criminal to a pillar for whipping and then led to death like a criminal. On Friday Adam was created, and on Friday Christ Jesus, our Lord, suffered in our place. On Friday God fashioned Adam and on Friday Christ accepted the spittle of the selfish sons of Adam. On Friday the animals came before Adam that he might name then and they bowed their heads before him, and on Friday the elders assembled around Christ, mocking him saying, "Hail to you, King of the Jews!" Thus was accomplished the prophecy of David: Many bulls surrounded

me and the calves of bashan encircled me. On Friday a splendid crown is put on the head of Adam and on Friday they put a crown of thorns on the head of Adam's Lord. On Friday Eve gave to Adam the forbidden fruit and he ate it, and on Friday the Sanhedrin which crucified Christ gave him vinegar and gall and he drinks it. From Adam's rib Eve was created mother of all the earth, and from the right side of the Christ flows blood and water. On Friday Adam and Eve sinned and on Friday their sin was pardoned. On Friday a light appeared to give them new life. On Friday they were seized by death and on Friday the opperssive power of death was abolished. Friday the evil deceived them and they noticed their nakedness and on Friday Christ overthrew Satan and confounded the armies of the damned. On Friday the cherubim received a lance to guard the entrance of paradise and the tree of life; on Friday Christ was struck with a lance, causing the lance of the cherub to disaapear, and destroying the wall of separation. On Friday Adam was made priest, king and prophet, and on Friday the priesthood, loyalty and prophetic ministry were removed from the Sanhedrin. On Friday Adam disobeyed and left paradise, and on Friday Christ descended from the summit of the cross towards those who were in the abyss. For all this we thank the Trinity now and forever and ever.

## കോലോ

**(കുക്കോയോ)**

മൃതിയെ രുചിച്ചാൻ ദേവേശൻ-സ്ലീബാമേലേറി
പാതാളക്കോട്ട തകർത്താൻ-മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകേറ്റോനാ-മാദാമിന്ന ജീവൻ

നൽകിത്തന്നത്ഥാനത്തെ-നമ്പിടുമാദാമിൻ
സുതർയാനം ചെയ്യേണ്ടോരാ-ക്കബറീന്നും പറുദീസ്
ഹാലേലുയ്യ-പൂകും വഴികാട്ടി
ബാറെക്മോർ-ശുബഹോ.....മെനഓലം....
ജഗതീനാഥൻ ദൈവസുതൻ-സ്കീപ്പാ-യിന്മേൽ
മൗലിനമിച്ചാത്മത്തെത്തൻ-പിതൃപാണിയിലേകി
പാറകൾ കീറി-ക്കല്ലറകൾ വിണ്ടു
സൃഷ്ടികളെല്ലാ-മാശ്ചര്യം പൂണ്ടു.
ദൈവസുതന്റെ വിലാവയ്യോ-യൂദന്മാർ ചീന്തി
പുണ്യം ലോകത്തിനു നൽകും-ജലവും സോണിതവും
ഹാലേലുയ്യ-പ്രവഹിച്ചതിൻ നിന്നു;

## വീണ്ടും കോലോ

**-സുബൈക് ഈത്തോ-**

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി
ച്ചുടയോൻ ക്രൂശിതനായപ്പോൾ മോചനമത്ഥിച്ചോരു ചോരൻ
തൻ വിശ്വാസം ബഹുശ്രേഷ്ഠം-ചൊന്നാൻ പോക്കുക മമദോഷം
ശീമോൻ കണ്ടുനിഷേധിച്ചാൻ നിന്നാൻ യൂഹാനോനകലെ
ഘോഷിച്ചാൻ ചോരൻ നാഥാ-ഓക്കണമെന്നേ നിൻ രാ-ജ്യേ.
ബാറെക്മോർ - ശുബഹോ∘∘∘∘∘∘മെനഓലം......
തരുവിൽ തൂങ്ങി തസ്കരരിടയിൽ വിടന്നവനാം!
സുതനെക്കണ്ടഗ്നയാത്മീയർ-തൻനിവഹം-വിസ്മയമാണ്ടു
തൻനഗ്നതയെ കാണായ്വാൻ-കതിരോൻ കതിരുകളേമൂടി
അംഗ്യത്താൽ മാനത്തേയും-വീര്യത്താലിക്ഷിതിയേയും
തീർത്തോൻ തൻനഗ്നതയെക്ക-ണ്ടൂമിയുമംബരവും ഞെട്ടി.

## (അല്ലെങ്കിൽ)

1. കള്ളന്റെ വിശ്വാസം ഏറ്റവും വലുതും, യാഥാത്ഥ്യമവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോടു് അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമെ എന്നവൻ പറഞ്ഞു. ശെമഓൻ തന്നെ ഉപേക്ഷിച്ചു പറഞ്ഞ. യൂഹാന്നോൻ അകലെ നിന്നു. നിന്റെ രാജ്യത്തിൽ നീ എന്നെ ഓക്കണമേ എന്നു കള്ളൻ അട്ടഹസിച്ചു പറഞ്ഞു.

ബാറെക്മോ - ശുബഹോ - മെനഓലം.....

2. മരത്തിന്മേൽ തൂക്കപ്പെട്ടും, കള്ളന്മാരുടെയിടയിൽ വിധിക്കപ്പെട്ടും കിടക്കുന്ന പുത്രനിൽ, അഗ്നിമയന്മാരും ആത്മയന്മാരുമായ ഈറേന്മാരുടെ കൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിന്റെ കിരണങ്ങൾ, തന്റെ നഗ്നത കാണാതിരിക്കതക്കവണ്ണം ഒതുക്കിക്കളഞ്ഞു. സ്വശക്തിയാൽ ഭൂമിയെ രൂപപ്പെടുത്തുകയും ആംഗ്യത്താൽ ആകാശത്തെ വിരിക്കയും ചെയ്തവൻ വസ്ത്രം ഉരിഞ്ഞും നഗ്നനായും കിടക്കുന്നത് ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി.

## ബോത്തേദ് ഹാശോ

**ഞങ്ങൾക്കായ് നീ-യേറ്റൊരു  പീഡാ താഴ്ചകളേറ്റം ധന്യം നാഥാ**

1. ഉരുകിപ്പോയില്ലാണികൾ-കയ്യിൽ
വെന്തില്ലേതും നിൻ ഹന്താക്കൾ
സ്വയമേ താണൊരു-സിംഹക്കുട്ടി;
ഏദനിൽ മൃതനാമാദാമിന്നുയിർ
നൽകാൻ പീഡാമൃതി നീയെറ്റു

2. ക്രൂശിൽ മൃതിയേറ്റോന്നുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
തീയേറ്റതുപോൽ-കല്ലുകൾ കീറി
ബഹുസംഭ്രമമോടലറി ഭൂമി
പെൺസിംഹംപോൽ സൃഷ്ടികൾ ചീറി.

3. പ്രഭയാലും പൂക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി
റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാദുഷ്ടന്മാർ
മുള്ളിൻ മുടിതൻ തലയിൽ ചാർത്തി

4. പാടേറ്റോനേ!  ജീവാത്മജനേ!
റൂഹാസഹിതം താതനിലേകാ!

സ്തുതിതേ സ്തുതിയാം-താരും സവ്-
സ്തോത്രപൂവിൻ കുലയും തേജോ
മകുടത്തിന്മേലണിയിക്കുന്നു

നിൻവി-ധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
മൊറിയോ റാഹേം...

**Lord, blessed be your passion and humilation suffered for us.**

The seraphim tremblem with fear before him and cover their face but mortal men raise him up and crucify him, they put on his head a crown of thorns, he who removed the curse from Adam.

How is it that the nails did not dissolve in your hands at the contact of your blaze? 'Little Lion', you embraced death and humble yourself for us. To give us life, death became a joy and you redeemed Adam who sinned in Eden.

The athelete of the worlds who carries all is raised and stripped on Golgotha; he sustains the heavens in good order and controls the universe.

Then the Holy of Holies, seeing its Lord thus exposed, ripped its veil and the Spirit leaves, and destruction will be great because they spilled pure blood.

With all gratitude we make you a bouquet of glorious flowers to crown you in glory, you the living son who suffered for us, who are adored and praised with your Father and the holy Spirit.

When you judge the people who judged you, Lord, do not summon to judgment with them.

## മാർ യാക്കോബ്

മ്ശിഹാ-സ്കീപ്പാമൃതികഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലന്‍പുണ്ടാ-കേണം
**ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്നേണമൻപാൽ (കുമ്പിടണം)**

1. ചൊന്നാൾ ദുഃ-ഖധ്വനിയോടേവം ഞാൻ ശ്ര-ദ്ധിച്ചു
ചൊല്ലുന്നോരാ-വചനമന്തെന്നറിവാ-നായി
നാഥാ! സീ-യോൻകോട്ട തകർക്കട്ടേ നിൻ സ്ലീബാ
നിന്നെദ്വേ-ഷിച്ചോരുകണ്ണുകളന്ധതപൂ-കട്ടെ
**ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്നേണമൻപാൽ (കുമ്പിടണം)**

2. പാടേറ്റോ-നേ പാടിനു വിട്ടോരു താതൻ-സ്തുത്യൻ
പീഡാ ഹീ-നാസ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനെ
റൂഹ്ക്കദിശാ! പീഡാമൃതിഹീനാ! വന്ദിക്കുന്നേൻ-
ത്രിത്വപ്രഭ-യാമേകപ്രകൃതത്തിനായ്-സ്തോത്രം.
**ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്നേണമൻപാൽ (കുമ്പിടണം)**

നാഥാ ഭുവനം നിൻ പീഡയതിൽക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാന്നു.
**ദേവാ! ദയയുണ്ടാകേണം-നാഥാ! കൃപ തോന്നേണമൻപാൽ (കുമ്പിടണം)**

## കുംപൗലോസ്

ധന്യൻ തൻ മൃതിയാൽ-മരണത്തെക്കൊന്നു
പാതാളസ്ഥർക്കായ്-വിടുതൽ കൊടുത്തോൻ.

1. സൃഷ്ടികളെയെല്ലാം-കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാന-ക്കാൽവറി മീതേ
വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ-നടുവിലുദിച്ചാൻ
സൃഷ്ടികളേ ജീവദ്ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോതാൻ-പരിശുദ്ധന്മാർ-ക്കുയിരേകി
ഭൂസ്വർഗ്ഗങ്ങൾ തൻ-മദ്ധ്യേ ക്രൂശിതനായ്,
സ്കീപ്പായാലെങ്ങും-ശാന്തിപരന്നു.

2. സ്കീപ്പായിയ്ക്കാന്നോ-രേകസുതൻ തന്നെ
യേരുശലേംകാരാം-സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും-പ്രവചനവാക്യത്തിൽ
ശാപത്തെ ഘോഷി-ച്ചധികം കേണു.
ഘാതകഖഡ്ഗത്തോ-ടടിമത്ത്വത്തിന്നായ്
പോയീടുന്നതിനാ-ലേവം പാ-രം രോദിച്ചു.
നിരുമപസന്തോഷം-നൽകിയവന്നായി
നാരികളേ കേഴു-ന്നെന്തിനു നിങ്ങൾ.

3. സ്വദ്ധാധിക്യത്താൽ-ഹതനാം കർത്താവേ!
ഡംഭികൾ നിൻ-മൃതിയിൽ-വെന്തീടട്ടെ
സ്ക്കീപ്പായിന്മീതേ-ഹതമാം തേജസേ
വഞ്ചകരേ കല്പി-ച്ചില്ലാതാക്കൂ
സൃഷ്ടികളിൽ വാക്കും-പ്രഭയും ചേർപ്പോനേ!
ഏറ്റം താണതിനാ-ലവ നിന്നെ-ക്കീർത്തിക്കട്ടെ
തിരുബഹുമാനത്തെ-നിരസിച്ചോരാകും
ജനതയ്ക്കായ് ശാപം-ഘോഷിക്കട്ടെ.

4. സൃഷ്ടിസമൂഹത്തിൻ-പതിയെ ക്രൂശിതനായ്
സ്ലീബാവൃക്ഷത്തിൽ-ദർശിച്ചപ്പോൾ
ആത്മീയന്മാർ തൻ-നിവഹം ക്ഷോഭിച്ചു
വഹ്നിമയന്മാരും സംഭ്രമമാണ്ടു.
ക്രൂശകവൃന്ദത്തെ-ചെന്നു നശിപ്പിപ്പാൻ
ഗബറീയേൽനോക്കീ-തോഴൻ മീഖായേൽതാനും
തിരുവുള്ളത്താൽതാൻ-തരുവിൽ ക്രൂശിതനായ്
അഗ്നിമയന്മാരേ! ക്ഷോഭിക്കേണ്ടാ.

5. ഏകതനൂജൻ തൻ-മഹിമയെയേറ്റോതി
സ്തോത്രം ഘോഷിച്ചാൻ-മോഷ്ടാവിനാൾ
അതിഭാസ്സോ ടീശാ-നീ നിൻ രാജ്യത്തിൽ
വന്നീടുന്നേരത്തോർക്കേണമെന്നേ
എൻവരവോളം നീ-കാക്കേണ്ടന്നോതീ-
ട്ടുയിർഗതിയാകുന്നോ-രച്ചാരത്തെത്താ-നേകീ

മാമകതത്വത്തെ-നമ്പിയ മര്‍ത്ത്യാ! നീ
ഈ ദിനമെത്തീടും-പറുദീസായില്‍

6. ധര്‍മ്മവിഹീനന്മാര്‍-തരുവില്‍-ക്രൂശിച്ചോ-
രുടയോനെക്കണ്ടി-ട്ടടിയാന്‍ സൂര്യന്‍
കതിരുകളേ നീക്കി-സ്കീപ്പായിന്മീതേ
ഭൂപതിയഹിക്കും-ബഹുമതി നല്‍കി
അന്ധത പൂണ്ടീടും-ജനനിവഹത്തിന്മേ-
ലെങ്ങനെയാ സൂര്യന്‍-സപ്രഭയേ ശോഭി-പ്പിക്കും
ക്രൂശകവൃന്ദത്തി-ന്നൊളി നല്‍കീടായ്‌വാന്‍
രശ്മികളെയര്‍ക്കന്‍-നിഷ്പ്രഭമാക്കി.

7. ജീവമയന്‍ ജീവന്‍-മണ്‍മയനേകീടാന്‍
സ്ലീബായിന്മീതേ-മരണം പൂണ്ടു
സാക്ഷിച്ചീടുന്നു-തല്‍മൃതിയേ വെള്ളം
ഘോഷിക്കുന്നേറ്റം-ജീവനെ രക്തം.
ദൈവിക കുഞ്ഞാടേ!-നിന്‍മൃതി സത്യം താന്‍
ഉന്നതപുത്രാ നീ-ജീവനെഴുന്നോന്‍-സത്യം താന്‍
ഉയിരുടയോനാം നീ-മൃതനായ് വാഴുന്നു
ഭൂമിയിലും മേലും-സീമയിലെങ്ങും.

## കുലകുന്‍ ആമ്മേ

(കള്ളന്മാരുടെ സംവാദം)

1. ഭൂജാതികളേ! വന്നെത്തി-ത്തസ്ക്കരനാദം ശ്രദ്ധിപ്പിന്‍
തന്മദ്ധ്യേ ഗതം സംവംദം-നേരായാരാഞ്ഞീക്ഷിപ്പിന്‍.

2. മദ്ധ്യേ കര്‍ത്താവിന്‍ സ്കീപ്പാ-ചായാത്തൊരു ന്യായധിപനായ്
സത്യമെഴും ത്രാസെന്നോണം-തദ്വചനം നന്നായ് തൂക്കി.

3. നിഖിലേശനൊടോതീചോരന്‍-നിന്‍വരവിന്‍ നാളോര്‍ക്കന്നേ
അവ്യയരാജ്യേ കാരുണ്യം-തടവെന്യേ ഞാന്‍ കാണട്ടെ.

4. ഇടതുവശത്തായ് ക്രൂശേറ്റോന്‍-തോഴന്‍ കേട്ടേവം ചൊന്നാന്‍

എന്തിനിവൻ രാജാവെങ്കിൽ-നിന്ദ്യാസ്കീപ്പാമേലേറി.

5. നിൻ സ്നേഹിതനാം ഞാൻ നമ്പി-സ്ലീബായാൽ നാം വേർപെട്ടു
വെൺമയണിഞ്ഞോൻ രക്തത്താൽ-ഉയിരരുളീ ധൈര്യം പൂണ്ടേൻ

6. നമ്മെപ്പോലാണികളേന്തി-പ്പാടേല്പതു കാണുന്നില്ലേ
രാജ്യം തരുവോനാമെങ്കിൽ -സ്വയമൊഴിവാകട്ടേ നമ്പാം.

7. കർത്തൃവചസ്സാം താക്കോലാൽ-ഏദൻതോട്ടം പൂകും ഞാൻ
നീ തെറ്റിപ്പോയ് തെറ്റവനിൽ-ചെന്നെന്നെ തെറ്റിക്കണ്ടാ.

8. തരുവിൽ നമ്മേപ്പോൽ തൂങ്ങി-കഷ്ടത നമ്മേക്കാളേറ്റാൻ
രാജാവെങ്കിൽ ലെഗിയോനാ-വന്നിഹ ശാപം നീക്കട്ടെ.

9. ഈശോ പാരിൽ തരുവിന്മേൽ-വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനേയേറ്റു-തൻക്രൂശേറ്റത്താൽ വെമ്പി

10. നിൻ ശ്രേഷ്ഠത നീ സൂക്ഷിക്ക-മുതുകിൽ ചാട്ടപ്പാടില്ലേ
നീ മഹിമയവന്നോതുന്നു-നീ ചൊന്നതിനേയാർ നമ്പും.

11. ആദമിൻശാപം പോക്കാൻ-മൺമുള്ളുകളെത്തൻമുള്ളാൽ
നീക്കിയൊരീശോ നൃപനല്ലാ-താക്കും കഴിവില്ലതു ചെയ്യാൻ.

12. അരുളിയതുപോൽ സ്കീപ്പായേറ്റോൻ-പറുദീസ നിനക്കേകട്ടെ
നീ കാണാത്തോരേദനിലേ-ക്കെങ്ങനെയവനേറ്റും നിന്നെ.

13. ഈ മരണം പാതാളത്തിൻ-പ്രാഗത്ഭ്യത്തെ മായിച്ചു
അതിനെത്തൻ നാദം വീഴ്ത്തി-ധൂളിപ്പാൻ താൻ പൂകുന്നു.

14. ഞെങ്ങിഞെരുങ്ങിപ്പാടേറ്റാൻ-കയ്പുകുടിച്ചു കുത്തേറ്റു
കഷ്ടത നിറയുന്നോനേ ഞാ-നെങ്ങിനെ രാജാവെന്നോതും.

15. പാറകൾ പിളരും നാദത്തേ-ശ്രദ്ധാപൂർവം കേട്ടാലും

സിദ്ധാസ്ഥികളൊന്നിക്കുന്നു-എന്തിനവിശ്വാസം തോഴാ!

16. സൃഷ്ടികളിളകി ഭൂതങ്ങൾ-ഞെട്ടീ നീ കൂസുന്നില്ല
കല്ലുകൾ ചിന്നി വ്യാജം വി-ട്ടേറ്റു പറഞ്ഞേൽക്കുക ജീവൻ.

17. ആരാഞ്ഞാൽ തൻ മാഹാത്മ്യം-പലതും നിന്നോടോതീടും
സൃഷ്ടികളവനേ സാക്ഷിപ്പൂ-ഇളകുന്നഖിലം തൻ പാടിൽ

18. ലിഖിതം മൂലം രാജാവെ-ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാത്തിനാൽ-നൃപനെന്നോതീ-യിടയേണ്ട.

19. നമ്മൾക്കിടയിൽ സ്കീപ്പായ-ങ്ങതിരാം കുഴി നീയേറീടാ
വാമസുതാ! നിൻസ്ഥലമേൽക്ക-വലതുവശം മാമകമല്ലോ.

20. സ്ലീബാ തുറന്നു പാതാളം-സൂര്യനിരുണ്ടു ക്ഷിതി ഞെട്ടി
രണ്ടായ് വാതിൽമറ കീറി-സർവം സാക്ഷിച്ചുടയോനെ.

21. ഭൂ മരുവും സൃഷ്ടികളെല്ലാ-മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയാന്നീ-ഭൂ ഭിത്തികളാടീടുന്നു.

22. പാതാളത്തീന്നെത്തീടും-മൃതരുടെ ബഹളം കേൾ
ഞാൻ നമ്പിയ ജീവപ്രദനാ-മേശുവിനേ നീ സൂക്ഷിക്ക

23. ആദാമുണരാൻ മൃതിയേറ്റാൻ-മൃതിഗതരവനേ നോക്കുന്നു
അവനാദത്തേ വിടുവിക്കു-ന്നേദനിലെന്നേയേറ്റുന്നു.

24. ഹാ! സ്വഹിതത്താൽ മൃതിയേറ്റ-പരസുതനെ ദുഷിച്ചീടുന്നോ!
പൊത്തുക ദുഷിയേറും വായ് നീ-ഞാൻ നമ്പിയ സ്ലീബാ ധന്യം.

25. ഏറ്റുപറഞ്ഞേദൻ താനൊ-ത്തവനേറിടുമെന്നോതുകയാൽ
നാഥാ നിന്നേയേറ്റോരാം-ഞങ്ങളെ വരവിൻ നാളോർക്ക്.

1) Ye all mankind come and hear The voice of the pair of thieves

And watch who is right in the arguments in between

2) Lord's cross is in the center he is like a Judge not fallen
Like a weighing balance of truth Weighing His own words nicely.

3) The thief spoke to the Lord of Universe Kindly remember me, when you come next
Let me see mercy without break in thy kingdom of heaven.

4) When the thief on the left heard it, Retorted vigorously as follows
Why is he crucified If He is real king.

5) I say being your friend We have been separated by the cross
By the blood of the one of purity I have gained life and I am courageous.

6) Don't you see him bearing nails. Like us and suffering a lot
If he could grant a kingdom, Let him be saved himself first.

7) With God's words as the key I will earn the Garden of Eden
You are mistaken and leave me from A fall accusing him

8) He is also crucified like us, His passion is more than ours
If He is king, let the Legion Come and save him from the curse

9) Jesus thou art on the timber in this world, And in chariot of fire in heaven
Nature has accepted its master And has been trembled in the crucifixion.

10) Watch your master with more care Don't you see the mark of whip
On his back and you speak his greatness Who would depend what you say.

11) No one else could do like this other than Lord Jesus who removed
Thorns of the earth with his own thorn To redeem Adam from the curse.

12) Let the crucified take you to Eden As he has promised thee,
How could he take thee there Where you have never seen

13) This death has wiped off the Prominence of the world under,
He enters there to make good as it is already fallen by his voice,

14) How could I call him the King Who drank bitter and has been pierced,
And he has suffered all punishments And immersed in vivid tortures.

15) Listen the noise with much care, Of the breaking of the rocks
Why you don't believe my colleague Departed saint's bones are assembled.

16) Why aren't you moved, confess you false ways As thy entire creations been shocked
Evils spirits trembled, stones scattered You try to accept him and his life.

17) If you ask about his greatness Many things might be told to you,
All the creations witness him nature shakes in His sufferings,

18) Pilate called Him the King, As it is recorded
As they have shouted as witness Don't make an issue by calling king.

19) Cross is the boundary between us You climb from the pit of the cross
Son of God you reach your aim Right side is always pleasing.

20) Cross opened the world under and the sun Brought darkness, nature remained stunned
Temples curtain torn as two Everything witnessed our master's passions.

21) You listen the cry of earth And of the entire creations
The walls of the earth are shaking Due to the frightening sound of fear.

22) My colleague, you listen the noise Of those who came from the world under
You watch Lord Jesus in whom, I have sought the asylum.

23) He accepted death to wake up Adam all the departed look at him
He relieves Adam from the bondage To re-instate in Aden

24) Are you abusing the Son of God, Who has accepted the death on his own will
Close your mouth of abusing The Cross which I honor is really great.
25) As you have promised the one who confessed That he will enter Eden with thee,
Kindly remember us all on your next coming, As we have confessed before thee.

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാലേലുയ്യ-ഹാലേലുയ്യ ഏവരുമെന്നേ നിന്ദിച്ചു
ചുണ്ടുമലർത്തി തലയവരാട്ടി ഹാലേലുയ്യ

നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

വി. മത്തായി: 27: 45-56
ആറാംമണി മുതൽ ഒമ്പതാം മണിനേരംവെരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാം മണിനേരത്ത് യേശു: ഏലീ, ഏലീ, ലമ്മാ ശബക്താനി എന്നു ഉറക്കെ നിലവിളിച്ചു; എന്റെ ദൈവമേ, എന്റെ ദൈവ മേ, നീ എന്നെ കൈവിട്ടതെന്ത് എന്നർത്ഥം. അവിടെ നിന്നിരുന്നവരിൽ ചിലർ അതു കേട്ടിട്ട്; അവൻ ഏലിയാവേ വിളിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവരിൽ ഒരുത്തൻ ഓടി ഒരു സ്പോങ്ങ് എടുത്തു പുളിച്ച വീഞ്ഞു നിറച്ചു ഓടത്തണ്ടിന്മേൽ ആക്കി അവന്നു കുടിപ്പാൻ കൊടുത്തു. ശേഷമുള്ളവർ നിൽക്ക; ഏലിയാവു അവനെ രക്ഷിപ്പാൻ വരുമോ എന്നു നോക്കാം എന്നു പറഞ്ഞു. യേശു പിന്നെയും ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. അപ്പോൾ മന്ദിരത്തിലെ തിരിശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി; ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു. വിശുദ്ധനഗരത്തിൽ ചെന്നു പലർക്കും പ്രത്യക്ഷമായി. ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തു നിന്നവരും ഭൂകമ്പം മുതലായി സംഭവിച്ചതു കണ്ടിട്ടു: അവൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു ഏറ്റവും ഭയപ്പെട്ടു. ഗലീലയിൽ നിന്നു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു അനുഗമിച്ചു വന്ന പല സ്ത്രീകളും ദൂരത്തു നിന്നു നോക്കികൊണ്ടിരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റേയും യോസെയുടെയും അമ്മയായ മറിയയും സെബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു.

At noon the whole country was covered with darkness, which lasted for three hours. At about three o'clock Jesus cried out with a loud shout. "Eli, Eli, lema sabachthani?"

Which means, “My God, My God, why did you abandon me?”

Some of the people standing there heard him and said, “he is calling for Elijah!” One of them ran up at once, took a spong, socked it in cheap wine, put it on the end of a stick, and tried to make him drink it.

But the others said, “Wait, let us see if Elijah is coming to save him!” Jesus again gave a loud cry and breathed his last.

Then the curtain hanging in the Temple was torn in two from top to bottom. The earth shook, the rocks split apart, the graves broke open, and many of God’s people who had died were raised to life. They left the grves, and after Jesus rose from death, they went into the Holy City, where many people saw them.

When the army officer and the soldiers with him who were watching Jesus saw the earthquake and everything else that happened, they were terrified and said, “He really was the Son of God!”

There were many women there looking on from a distance, who had followed Jesus from Galilee and helped him. Among them were Mary Magdalene, Mary the mother of James and Joseph, and the wife of Zebedee.

വി. മർക്കോസ്: 15: 33-41

ആറാംമണിനേരമായപ്പോൾ ഒമ്പതാംമണിനേരത്തോളം ദേശത്തു എല്ലാം ഇരുട്ടു ഉണ്ടായി. ഒമ്പതാം മണി നേരത്തു യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത് എന്നർത്ഥമുള്ള എലോഹി, എലോഹി, ലമ്മാ ശബക്താനി എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു. അരികിൽ നിന്നവരിൽ ചിലർ കേട്ടിട്ടു: അവൻ

ഏലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു. ഒരുത്തൻ ഓടി ഒരു സ്പോങ്ങിൽ പുളിച്ച വീഞ്ഞു നിറച്ചു ഒരു ഓടക്കോലിന്മേലാക്കി : നില്പിൻ; ഏലിയാവു അവനെ ഇറക്കുവാൻ വരുമോ എന്നു നമുക്കു കാണാം എന്നു പറഞ്ഞു അവന്നു കുടിപ്പാൻ കൊടുത്തു. യേശു ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. ഉടനെ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളവും രണ്ടായി ചീന്തിപ്പോയി. അവന്നു എതിരെ നിന്നിരുന്ന ശതാധിപൻ അവൻ ഇങ്ങനെ പ്രാണനെ വിട്ടതു കണ്ടിട്ടു: ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറഞ്ഞു. സ്ത്രീകളും ദൂരത്തു നിന്നു നോക്കിക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബിന്റേയും യോസയുടെയും അമ്മ മറിയയും ശലോമയും ഉണ്ടായിരുന്നു. അവൻ ഗലീലയിൽ ഇരിക്കുമ്പോൾ അവർ അവനെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; അവനോടുകൂടെ യെരുശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു.

At noon the whole country was covered with darkness, which lasted for three hours. At three o'clock Jesus cried out with a loud shout, "Eloi, Eloi, lema sabachthani?" which means, "My God, my God, why did you abandon me?"

Some of the people there heard him and said, "Listen, he is calling for Elijah!" One of them ran up with a spong, soaked it in cheap wine, and put it on the end of a stick. Then he held it up to Jesus' lips and said, "Wait! Let us see if Elijah is coming to bring him down from the cross!"

With a loud cry Jesus died.

The curtain hanging in the Temple was torn in two, from top to bottom. The army officer who was standing there in front of the cross saw how Jesus had died. This man was really the Son of God!" he said.

Some women were there, looking on from a distance. Among them were Mary Magdalene, Mary the mother of the younger James and of Joseph, and Salome. They had followed Jesus while he was in Galilee and had helped him. Many other women who had come to Jerusalem with him were there also.

വി. ലൂക്കോസ്: 23: 44-49

ഏകദേശം ആറാംമണി നേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒമ്പതാം മണിവെരെ ദേശത്ത് ഒക്കെയും അന്ധകാരം ഉണ്ടായി. ദൈവമന്ദിരിത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി. യേശു അത്യുച്ചത്തിൽ പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു. ഈ സംഭവിച്ചതു ശതാധിപൻ കണ്ടിട്ടു: ഈ മനുഷ്യൻ വാസ്തവമായി നീതിമാനായിരുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. കാണ്മാൻ കൂടിവന്ന പുരുഷാരം ഒക്കെയും സംഭവിച്ചതു കണ്ടിട്ടു മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി. അവന്റെ പരിചയക്കാർ എല്ലാവരും ഗലീലയിൽ നിന്നു അവനെ അനുഗമിച്ച സ്ത്രീകളും ഇതു നോക്കികൊണ്ടു ദൂരത്തു നിന്നു.

It was about twelve o’clock in the noon, when the sun stopped shining and darkness covered the whole country until three o’clock; and the curtain hanging in the Temple was torn in two. Jesus cried out in a loud voice, “Father! In your hands I place my spirit!” He said this and died.

The army officer saw what had happened, and he praised God, saying, certainly he was a good man!”

When the people who had gathered there to watch the spectacle saw what happened, they all went back home, beating their breasts in sorrow. All those who knew Jesus personally, including the women who had followed him from Galilee, stood at a distance to watch.

വി. യോഹന്നാൻ : 19: 23-30
പടയാളികൾ യേശുവിനെ ക്രൂശിച്ചശേഷം അവന്റെ വസ്ത്രം എടുത്തു ഓരോ പടയാളിക്കു ഓരോ പങ്കായിട്ടു നാലു പങ്കാക്കി; അങ്കിയും എടുത്തു; അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ടു അടിയോളം മുഴുവനും നെയ്തതായിരുന്നു. ഇതു കീറരുതു; ആൎക്കു വരുമെന്നു ചീട്ടിടുക എന്നു അവർ തമ്മിൽ പറഞ്ഞു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു എന്റെ അങ്കിക്കായി ചീട്ടിട്ടു എന്നുള്ള തിരുവെഴുത്തു ഇതിനാൽ നിവൃത്തി വന്നു. പടയാളികൾ ഇങ്ങനെഒക്കെയും ചെയ്തു.

യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നതു കണ്ടിട്ടു: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്നു അമ്മയോടു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു.

അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകുംവണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. അവിടെ പുളിച്ച വീഞ്ഞു നിറച്ചോരു പാത്രം വെച്ചിട്ടുണ്ടായിരുന്നു; അവർ ഒരു സ്പോങ്ങു പുളിച്ച വീഞ്ഞു നിറെച്ചു ഈസോപ്പുതണ്ടിന്മേൽ ആക്കി അവന്റെ വായോടടുപ്പിച്ചു. യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ചു ആത്മാവിനെ ഏല്പിച്ചു കൊടുത്തു.

After the soldiers had crucified Jesus, they took his clothes and divided them into four parts, one part for each soldier. They also took the robe, which was made of one piece of woven cloth without any seams in it. The soldiers said to one another, “Let us not tear it; let us throw dice to see who will get it.” This happened in order to make the scripture come true: They divided my clothes among themselves and gambled for my rob.” And this is what the soldiers did.

Standing close to Jesus' cross were his mother, his mother's sister, Mary the wife of Clopas, and Mary Magdalene. Jesus saw his mother and the disciple he loved standing there; so he said to his mother, "He is your son."

Then he said to the disciple, "She is your mother." From that time the disciple took her to live in his home.

Jesus knew that by now everything had been completed; and in order to make the scriputure come true, he said, " I am thirsty."

A bowl was there, full of cheap wine; so a sponge was soaked in the wine, put on a stalk of hyssop, and lifted up to his lips. Jesus drank the wine and said, "It is finished!"

Then he bowed his head and gave up his spirit.

## കൌമ്മ

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ
മൃതരാ-യോക്ക്ുയിരും ഞങ്ങൾക്കരുൾ കൃപയും

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ
മൃതരാ-യോക്ക്ുയിരും ഞങ്ങൾക്കരുൾ കൃപയും

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ
മൃതരാ-യോക്ക്ുയിരും ഞങ്ങൾക്കരുൾ കൃപയും

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)